ഭരണഭാഷ മാതൃഭാഷ

No. EXC/6364/2019/XA1

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം തീയതി : 11.05.2020
ഫോൺ: 0471–2322825
excomoffice@yahoo.com
ecoffice.exc@kerala.gov.in

പ്രേഷിതൻ

എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം.

ഗ്രാഹകൻ

ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാ മേഖലകളും)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും)
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ് എല്ലാം)

സർ,

വിഷയം:- അബ്കാരി- കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 11.05.2020-ലെ ജി.ഒ (എം.എസ്.) 39/2020/നി.വ. നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. കള്ളുഷാപ്പുകൾ **13.05.2020** മുതൽ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
2. കള്ളുഷാപ്പുകൾ രാവിലെ **9.00** മണി മുതൽ വൈകുന്നേരം **7.00** മണി വരെ മാത്രം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഷാപ്പുകളിൽ നിന്നും ആവശ്യക്കാർക്ക് കള്ള് അനുവദനീയമായ അളവിൽ വാങ്ങിക്കൊണ്ടു പോകാനായി മാത്രമേ നൽകുവാൻ പാടുള്ളൂ.
3. ജി.ഒ.(പി).97/12/നി.വ. തീയതി 08.06.2012 പ്രകാരം ഒരു ആളിന് ഒന്നര ലിറ്റർ കള്ള് ഒരുസമയം കൈവശം വയ്ക്കാൻ പാടുള്ളൂ. ഇപ്രകാരം ഒന്നര ലിറ്റർ കള്ള് വീതം മാത്രമെ ഉപഭോക്താക്കൾക്ക് കള്ളുഷാപ്പിൽ നിന്നും വിൽക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. കള്ളുഷാപ്പുകൾ തുറന്നാലും നിലവിലെ ലോക്ഡൗൺ ചട്ടങ്ങൾ അനുസരിച്ച് കള്ളുഷാപ്പിനകത്ത് ഇരുന്ന് കള്ളുകുടിക്കുന്നത് അനുവദിക്കാൻ പാടില്ല. കള്ളുഷാപ്പിൽ കൂടി കള്ള് പാഴ്സലായി വിൽക്കുമ്പോൾ ഷാപ്പ്

കെട്ടിടത്തിനകത്തേക്ക് ഉപഭോക്താക്കളെ പ്രവേശിപ്പിക്കാതെ കെട്ടിടത്തിന് പുറത്ത് കള്ള് പാഴ്സലായി വിൽക്കുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

5. കള്ളുഷാപ്പിൽ ഭക്ഷണസാധനങ്ങൾ തയ്യാറാക്കുവാനോ വിൽക്കുവാനോ കഴിക്കുവാനോ അനുവാദം ഉണ്ടായിരിക്കുന്നതല്ല.
6. ഇത്തരത്തിൽ കള്ള് വിൽക്കുമ്പോൾ സാമൂഹിക അകലം പാലിച്ച് ഒരേ സമയം 5 പേർ മാത്രം കള്ളുഷാപ്പിൽ ഉണ്ടാകുന്ന തരത്തിൽ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.
7. എല്ലാ കള്ളുഷാപ്പിലും കൈ വൃത്തിയാക്കുന്നതിന് സോപ്പും വെള്ളവും ഷാപ്പിന് പുറത്ത് തന്നെ ക്രമീകരിക്കേണ്ടതാണ്.
8. കള്ളുഷാപ്പിൽ വിൽപ്പന ആരംഭിക്കുന്നതിന് മുമ്പും ശേഷവും ഷാപ്പും പരിസരവും അണുവിമുക്തമാക്കേണ്ടതാണ്.
9. കള്ളുഷാപ്പിൽ ജോലിചെയ്യുന്ന വിൽപ്പന തൊഴിലാളികൾ കൈയുറയും മാസ്ക്കും ധരിക്കേണ്ടതാണ്. വിൽപ്പന തൊഴിലാളികളുടെ എണ്ണം ആവശ്യത്തിന് മാത്രമായി ക്രമീകരിക്കേണ്ടതാണ്.
10. കള്ള് വാങ്ങുന്ന ഉപഭോക്താക്കളെ ഒരു കാരണവശാലും ഷാപ്പിലോ പരിസരത്തോ കൂട്ടം കൂടി നിൽക്കുന്നതിനോ അവിടെ നിന്ന് കുടിക്കുന്നതിനോ അനുവദിക്കാൻ പാടില്ല.
11. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അവരവരുടെ ജില്ലകളിലെ കള്ളുഷാപ്പുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നൽകേണ്ടതും തിരക്കും മറ്റ് പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് സുരക്ഷ ഉറപ്പ് വരുത്തേണ്ടതുമാണ്.
12. എല്ലാ എക്സൈസ് ഡിവിഷനുകളിലും പരമാവധി ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കേണ്ടതും തിരക്കും അനിയന്ത്രിതമായ ആൾക്കൂട്ടവും നിയന്ത്രിക്കുന്നതിനും വിപണനത്തിനും വിൽപ്പനയ്ക്കും മേൽ നോട്ടം നടത്തുന്നതിനും ടി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതുമാണ്.
13. കള്ളിന്റെ ആവശ്യകത മുമ്പ് ഉള്ളതിനെക്കാൾ വളരെയധികം കൂടുവാൻ സാധ്യതയുണ്ട്. മേൽ സാഹര്യത്തിൽ കൃത്രിമ കള്ള് വിൽക്കാൻ സാധ്യതയുള്ളതിനാൽ പാലക്കാട് നിന്നുള്ള കള്ളിന്റെ വിപണനവും വിതരണവും കൃത്യമായി പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറും മറ്റ് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും പരിശോധന നടത്തി നടപടി അത്തരം ക്രമക്കേടുകൾ നടക്കുന്നില്ലായെന്ന് എന്നുറപ്പുവരുത്തേണ്ടതാണ്.

14. പാലക്കാട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പാലക്കാട് ചെത്ത് തോട്ടങ്ങളിൽ നിന്നും കള്ള് ചെത്തി വാഹനങ്ങളിൽ കയറ്റി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്ന പ്രവർത്തനത്തിന് മേൽ നോട്ടം വഹിക്കേണ്ടതും ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്പെഷ്യൽ ടീമിനെ നേരിട്ടുള്ള സൂക്ഷ്മ പരിശോധനക്കായി നിയോഗിക്കേണ്ടതുമാണ്.
15. വാഹനങ്ങൾ പെർമിറ്റിൽ പറഞ്ഞിട്ടുള്ള ദൂരവും സമയ ക്രമവും അനുസരിച്ച് മാത്രമെ പോകുന്നുള്ളൂവെന്ന് സ്പെഷ്യൽ ടീം ഉറപ്പ് വരുത്തേണ്ടതാണ്. ഓരോ വാഹനങ്ങളും പാലിക്കേണ്ട സമയക്രമവും സഞ്ചരിക്കേണ്ട പാതയും അടയാളപ്പെടുത്തിയ ഒരു പട്ടിക എല്ലാ വാഹനങ്ങളിലും ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ ജില്ലയിലേയ്ക്കുമുള്ള വാഹനങ്ങളുടെ വിവരങ്ങൾ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മറ്റ് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ അറിയിക്കേണ്ടതാണ്.
16. കള്ള് കടത്തിക്കൊണ്ട് വരുന്ന വാഹനങ്ങൾ കള്ള് ചെക്കിംഗ് സ്റ്റേഷനുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി കൃത്യസമയം രേഖപ്പെടുത്തി മാത്രമെ കടത്തിവിടാൻ പാടുള്ളൂ.
17. കള്ള് കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങൾ അതാത് ജില്ലയിലേക്കുള്ളതായാലും ജില്ലയിലൂടെ കടന്ന് പോകുന്നവയായലും ഹൈവേ പെട്രോൾ വാഹനങ്ങൾ ഉപയോഗിച്ച് എല്ലാ ജില്ലകളിലും നിരീക്ഷിക്കുകയും റൂട്ടിലും യാത്രയിലും യാതൊരു ക്രമക്കേടുമില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
18. എല്ലാ ജില്ലകളിലും കള്ള് വരുന്നതും അത് വില്പന നടത്തുന്നതും സംബന്ധിച്ച് സൂക്ഷ്മമായ മേൽ നോട്ടം വഹിക്കുന്നതിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധന ക്രമീകരണം തയ്യാറാക്കി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.
19. പാലക്കാട് നിന്നും പുറപ്പെടുന്ന കള്ള് കടത്ത് വാഹനങ്ങളിലെ ഡ്രൈവർമാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികളും കൊറോണ പ്രതിരോധത്തിനുള്ള സുരക്ഷാ മാർഗ്ഗങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്.